പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 959

02.12.2015 -ലെ മറുപടിയ്ക്ക്

## ഹോം നഴ്സിംങ്ങ് ഏജൻസികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഹോം നഴ്സിംങ്ങ് രംഗത്തെ ഏജൻസികളുടെ പ്രവർത്തനം ഏതെങ്കിലും രീതിയിൽ നിയന്ത്രിക്കുന്നുണ്ടോ; നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) ഹോം നഴ്സിംഗ് ഏജൻസികൾക്ക് നിലവിൽ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകുന്നുണ്ട്. ടി സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേജസ് ആക്ട്, പെയ്മെന്റ് ഓഫ് വേജസ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരം പരിശോധന നടത്തുകയും നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് പരിശോധിക്കാറുമുണ്ട്. ഇത്തരം ഏജൻസികളുടെ മറ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസ്ഥകളൊന്നും നിലവില്ല. |
| (ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹോം നഴ്സിംങ്ങ് ഏജൻസികൾ ഉണ്ടെന്നും പ്രസ്തുത ഏജൻസികൾ വഴി ഈ രംഗത്ത് പ്രവർത്തിക്കുന്നവർ എത്രയാണെന്നും വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 174 ഏജൻസികളിലായി 2022 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. |
| (സി) ഹോം നഴ്സിംങ്ങ് രംഗത്ത് നടക്കുന്ന തട്ടിപ്പുകളും ചൂഷണങ്ങളും അവസാനിപ്പിക്കുന്നതിനായിസ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) ഹോം നഴ്സിംഗ് രംഗത്തെ തൊഴിലാളികളെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുക, ആനുകൂല്യങ്ങൾ നിഷേധിക്കുക എന്നിവയുമായി ബന്ധപ്പെട്ട് പരാതികൾ ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |

Sreedevi

സെക്ഷൻ ഓഫീസർ